**24. 100% ഊർജ്ജ സ്വയംപര്യാപ്ത ഗ്രാമങ്ങൾ (പുതിയ പദ്ധതി).**

**(വിഹിതം - 270.00 ലക്ഷം രൂപ)**

സഹകരണ സംഘങ്ങളിൽ പുനരുപയോഗ ഊർജ്ജത്തിന്റെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനും, പരമ്പരാഗത ഊർജ്ജ സ്രോതസ്സുകളെ ആശ്രയിക്കുന്നത് കുറയ്ക്കുന്നതിനും, പരിസ്ഥിതി സുസ്ഥിരതയ്ക്ക് സംഭാവന നൽകുന്നതിനുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഊർജ്ജ ആവശ്യങ്ങൾ നിറവേറ്റുന്നതിനായി സൗരോർജ്ജം ക്രമബദ്ധമായി വിനിയോഗിക്കുകയും കേരള സംസ്ഥാന വൈദ്യുതി ബോർഡിനെ (കെ.എസ്.ഇ.ബി) ആശ്രയിക്കുന്നത് കുറയ്ക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ 2026-27 വർഷത്തിൽ സർക്കാർ ഒരു പുതിയ പദ്ധതി നടപ്പിലാക്കുന്നു.

പദ്ധതിയുടെ ഭാഗമായി 1,000 ചതുരശ്ര അടിയിലധികം വിസ്തീർണമുള്ള കെട്ടിടങ്ങൾ സ്വന്തമായുള്ള സഹകരണ സംഘങ്ങൾക്ക് നിർബന്ധിത റൂഫ്ടോപ്പ് സൗരോർജ്ജ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനായി ധനസഹായം നൽകുന്നതാണ്. താഴെപ്പറയുന്ന രീതിയിൽ വായ്പ, ഓഹരി മൂലധന വിഹിതം, സബ്സിഡി എന്നിവ സംയോജിപ്പിച്ചായിരിക്കും സഹായം ലഭ്യമാക്കുക.

വായ്പാ ധനസഹായം -50%

ഓഹരി മൂലധന വിഹിതം 15%

സബ്സിഡി -25%

ഗുണഭോക്തൃ വിഹിതം - 10%

ഊർജ്ജ സ്വയംപര്യാപ്ത സഹകരണ സ്ഥാപനങ്ങൾ സൃഷ്ടിക്കുന്നതിനും, ഊർജ്ജ ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനും, ദീർഘകാലാടിസ്ഥാനത്തിൽ ഊർജ്ജ ചെലവ് കുറയ്ക്കുന്നതിനും ഈ പദ്ധതി സഹായകമാകുമെന്ന് പ്രതീക്ഷിക്കുന്നു.

2026-27-ലെ ബജറ്റിൽ ഈ പദ്ധതിക്കായി 270.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. **(വിഹിതം :270.00 ലക്ഷം രൂപ)**

| 2025-26 വിഹിതം | 2025-26 ചെലവ് | ശീർഷകം | 2026-27 വിഹിതം |
|---|---|---|---|
| -- | -- | 2425-00-108-20 | 75.00 |
| -- | -- | 4425-00-108-21 | 45.00 |
| -- | -- | 6425-00-108-99 | 150.00 |
| | | | **270.00** |